

# മെത്രാപ്പോലീത്തായുടെ കത്ത്

(ജൂൺ - 2017)

കർത്താവിൽ പ്രിയരേ,

നമ്മുടെ സംസ്ഥാനമായ കേരളം അഭൂതപൂർവ്വമായ ഒരു കൊടും വരൾച്ചയുടെ നാളുകളിലൂടെ കടന്നുപോകുകയായിരുന്നു. പ്രതീക്ഷിതമായ വേനൽമഴ സമാഗതമായില്ല. കാലാവസ്ഥാ വ്യതിയാനത്തിൽ സംഭവിച്ച ഒരു പ്രതിഭാസമാണിതെങ്കിലും കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ നെട്ടോട്ടമോടിയതായ നാളുകളാണ് നാം പിന്നിട്ടത്. മെയ്മാസത്തിന്റെ അവസാനനാളുകളിൽ അവിടവിടെയായി വേനൽമഴ പ്രത്യക്ഷപ്പെട്ടുവെങ്കിലും ദാഹശമനത്തിനായുള്ള കുടിവെള്ളം ആവശ്യത്തിന് ലഭ്യമായില്ല എന്നത് ഒരു യാഥാർത്ഥ്യമത്രെ. ഈ പ്രതിഭാസത്തെ അവസരമാക്കി സസ്യാഹാര ഭക്ഷണത്തിനാവശ്യമായ ചെറിയ ഉള്ളിയ്ക്ക് കിലോയ്ക്ക് 100 രൂപായിലധികം വിലയാക്കി കുത്തനെ വിലയുയർത്തിയത് ഭക്ഷ്യവിഭവങ്ങളെ പൂഴ്ത്തിവച്ച് കച്ചവടം നടത്തുന്നവരുടെ കടുംകൈ അല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയുടെ അനിയന്ത്രിതമായ പ്രതിഭാസങ്ങൾ ഉണ്ടാകുമ്പോൾ അതിനെ ജനത്തെ ചൂഷണം ചെയ്യാനുള്ള അവസരമാക്കി മാറ്റുന്നത് എത്രയോ നിർഭാഗ്യകരമാണ്. നാം പ്രവേശിക്കുന്ന ജൂൺ മാസത്തിൽ തക്കസമയത്തു തന്നെ കാലവർഷം സമാഗതമാകുമെന്നും നമ്മുടെ നാടിനെ മഴയുടെ അനുഗ്രഹവർഷത്താൽ സമാശ്വസിപ്പിക്കുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

തെരുവു നായ്ക്കളുടെ ശല്യം വീണ്ടും പ്രശ്നമായി പലയിടങ്ങളിലും ജനജീവിതത്തെ തന്നെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കുടിവെള്ളവും ഭക്ഷണവും കിട്ടാതെ അലയുന്ന തെരുവുനായ്ക്കൾ മനുഷ്യരെ തന്നെ ആക്രമിക്കുന്ന ഒരു ഘട്ടത്തിലേക്ക് കടന്നിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമത്രെ. നമ്മുടെ നാട്ടിൽ വളർന്നുകൊണ്ടിരിക്കുന്ന മാലിന്യ സംസ്കാരം തെരുവുനായ്ക്കളെ വളർത്തുന്ന ഒരു സംസ്കാരമാണ് എന്ന് പറയേണ്ടിയിരിക്കുന്നു. വീട്ടിലെ മാലിന്യങ്ങൾ സമീപത്തുള്ള തുറസ്സായ സ്ഥലങ്ങളിലേക്കും പൊതുനിരത്തുകളിലേക്കും വലിച്ചെറിയുന്നതുമൂലം ആ മാലിന്യം ഭക്ഷിക്കുവാൻ തെരുവുനായ്ക്കൾ അവിടെ കൂട്ടംകൂടുന്ന അവസ്ഥാവിശേഷമാണ് ഇന്നുള്ളത്. ആ മാലിന്യത്തിൽ നിന്നും ആഹാരം തേടുന്ന നായ്ക്കളുടെ എണ്ണം പെരുകുന്നതുമൂലം നായ്ക്കൾ ഇരതേടി കോഴി, താറാവ്, കന്നുകാലി തുടങ്ങിയ വളർത്തു ജീവികളെ ആക്രമിക്കുന്ന സ്ഥിതിവിശേഷം ഗുരുതരമായ ഒരു അവസ്ഥാവിശേഷമാണ്. മാലിന്യസംസ്കരണം കാര്യമായി, കാര്യക്ഷമമായി നടക്കാത്തതുമൂലം കൊതുകുകളുടെ എണ്ണം പെരുകുകയും കൊതുകുകളിലൂടെ പകരുന്ന പകർച്ചവ്യാധികൾ വ്യാപകമായി പടരുകയും ചെയ്യുന്ന ഒരു അവസ്ഥയും ഇപ്പോഴത്തെ നമ്മുടെ സമൂഹത്തെ കൂടുതൽ രോഗാതുരമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സ്ഥിതിക്ക് ആരാണ് ഉത്തരവാദികൾ? മാലിന്യസംസ്കരണത്തിന് നാം ഉചിതമായ മാർഗ്ഗം സ്വീകരിക്കാത്തതുമൂലമല്ലേ ഇങ്ങനെയുള്ള ഗുരുതരമായ അവസ്ഥാവിശേഷങ്ങളിലേക്ക് നമ്മുടെ നാട് നീങ്ങിക്കൊണ്ടിരിക്കുന്നത്? എന്ന് നാം ആത്മപരിശോധന നടത്തേണ്ടതാണ്. പഞ്ചായത്തുകളും നഗരസഭകളും സംസ്ഥാന ഗവണ്മെന്റും ആവശ്യത്തിനനുസരിച്ച് മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. എന്നാൽ അതുകൊണ്ടു മാത്രം പ്രശ്നം പരിഹരിക്കപ്പെടുന്നില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്. ഓരോ വീട്ടിലും മാലിന്യസംസ്കരണത്തിനുള്ള സംവിധാനം രൂപപ്പെടണം. അമ്പതും അറുപതും ഫ്ളാറ്റുകൾ ഉൾപ്പെടുന്ന കെട്ടിട സമുച്ചയം രൂപപ്പെടുത്തുമ്പോൾ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തിയെങ്കിൽ മാത്രമേ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയുള്ളു എന്ന് ഗവണ്മെന്റ് നിയമം മൂലം വ്യവസ്ഥ ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ കർശനമായ നിയമനിർമ്മാണം ഗവണ്മെന്റ് നടപ്പിലാക്കുകതന്നെ വേണം എന്ന് ഓർമ്മിപ്പിക്കട്ടെ.

കേരള സർക്കാർ അധികാരത്തിലേറിയിട്ട് ഒരു വർഷം തികയുകയാണ്. എല്ലാം ശരിയാക്കും എന്ന മോഹനമായ വാഗ്ദാനത്തോടുകൂടി, ഒരു വധക്കേസിന്റെ പശ്ചാത്തലത്തിലും ഒരു ദുരന്തത്തിന്റെ ഛായയിലും അധികാരത്തിലേറി ഒരു വർഷം കഴിഞ്ഞിട്ടും കാര്യങ്ങൾ ശരിയായില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമല്ലേ? എന്നു മാത്രമല്ല ശരിയാക്കാനെന്നു പറഞ്ഞ് എടുത്ത പല നടപടികൾക്കു പോലും സുപ്രീംകോടതി അംഗീകാരം നൽകിയില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്. ജനനന്മക്കുവേണ്ടി പ്രവർത്തിക്കുവാൻ അധികാരത്തിലേറിയിരിക്കുന്ന ഏതൊരു ഗവണ്മെന്റിനും ആവശ്യമായിരിക്കുന്ന ദൂത് മീഖാ പ്രവാചകനിലൂടെ ദൈവം അരുളി ചെയ്തിട്ടുണ്ട്. “മനുഷ്യാ, നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്?” (മീഖ: 6:8).

ഒരു പുതിയ വിദ്യാലയ വർഷത്തിന് തുടക്കം കുറിക്കപ്പെടുകയാണ്. പിഞ്ചോമനകൾ ആദ്യാക്ഷരം കുറിക്കുവാനായി സ്കൂളുകളാകുന്ന പൂന്തോട്ടത്തിലേക്ക് ചിത്രശലഭങ്ങളെപ്പോലെ വന്നുചേരുന്നു. സ്കൂളുകളിൽ പ്രവേശനോത്സവ ദിനത്തിൽ സാധാരണയായി കാണുന്ന

പ്രധാന ദൃശ്യം പുത്തനുടുപ്പും അണിഞ്ഞ് അമ്മമാരുടെ കരം പിടിച്ച് സ്കൂളുകളിലേക്ക് എത്തിച്ചേരുന്ന കുഞ്ഞുങ്ങൾ മധുരപലഹാരങ്ങൾ രുചിച്ച് പ്രവേശനോത്സവം കൊണ്ടാടിയതിനുശേഷം അമ്മമാരെ വിട്ട് ക്ലാസിലേക്ക് ചെന്നിരിക്കുമ്പോൾ ഉണ്ടാകുന്ന കുട്ടികളുടെ നിലവിളിയും ശബ്ദകോലാഹലവുമത്രേ. ഇത്രയും നാളും അമ്മയുടെ അടുത്തുനിന്ന് മാറാതിരുന്ന കുട്ടികൾ ക്ലാസിലിരിക്കുമ്പോൾ അമ്മയുടെ സ്നേഹസാന്നിദ്ധ്യം നഷ്ടപ്പെടുന്നതിലുള്ള ദുഃഖപ്രകടനമത്രെ ഇത്തരം സംഘർഷങ്ങൾ ക്ലാസിൽ സൃഷ്ടിക്കുന്നത്. എന്നാൽ അമ്മമാരുടെ സ്ഥാനത്ത് സുമനസുകളായ അദ്ധ്യാപികമാർ സ്നേഹത്തിന്റെ കരങ്ങൾ അവരിലേക്ക് നീട്ടുമ്പോൾ അവരുടെ ദുഃഖം ക്രമേണ മാറുകയും അദ്ധ്യാപികമാർ അവരുടെ സ്കൂളിലെ അമ്മമാരായി മാറുകയും ചെയ്യുന്ന കാഴ്ച എത്രയോ ഹൃദ്യമാണ്. ആദ്യ ക്ലാസുകളിൽ അമ്മയുടെ സ്നേഹം കൊടുക്കാൻ കഴിയണമെങ്കിൽ അത് സാധ്യമാകുന്നത് പ്രധാനമായും അദ്ധ്യാപികമാർക്കാണ് എന്ന് നാം വിചാരിക്കുന്നു.

പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾ ജീവിതത്തിന്റെ വിവിധ സരണികളിലേക്ക് തിരിയുന്ന ഒരു വഴിത്തിരിവിന്റെ സ്ഥാനത്ത് എത്തിനിൽക്കുന്ന ഈ വേളയിൽ തങ്ങൾക്ക് ദൈവം തന്നിരിക്കുന്ന അഭിരുചികൾക്കനുസരിച്ച് തക്കതായ കോഴ്സുകൾ തിരഞ്ഞെടുക്കുവാൻ ഇടയായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. മാതാപിതാക്കളുടെ സ്വപ്നങ്ങളുടെ ഭാരം പേറി തളർന്നുവീഴേണ്ടവരല്ല നമ്മുടെ കുട്ടികൾ. കുട്ടികളെ ദൈവത്തിന്റെ സ്വപ്നങ്ങളായി കണ്ടും അവരെ ദൈവത്തിന്റെ വലിയ സ്വപ്നങ്ങളിലേക്ക് വളർത്തിയെടുക്കാനുമുള്ള നിയോഗമാണ് തങ്ങൾക്കുള്ളതെന്ന് തിരിച്ചറിഞ്ഞും പ്രവർത്തിക്കുവാൻ മാതാപിതാക്കൾക്ക് കഴിയണം. കുഞ്ഞുങ്ങളിൽ ദൈവം നൽകിയിരിക്കുന്ന ധന്യത കണ്ടെത്തി പ്രോത്സാഹിപ്പിച്ച് വളർത്തിയെടുക്കുവാൻ മാതാപിതാക്കൾ ഉത്സുകരായി ത്തീരുമ്പോഴാണ് ആ കുഞ്ഞുങ്ങൾ ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ വളർന്നുവന്ന് ലോകത്തിന് അനുഗ്രഹങ്ങളായി തീരുന്നത്. ഇന്ത്യയുടെ പ്രഥമ പൗരനായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാം ഒരിക്കൽ ഒരു സംഭാഷണ മദ്ധ്യേ പറഞ്ഞ ഒരു കാര്യം ഇപ്പോഴും ഓർമ്മയിൽ തങ്ങിനിൽക്കുന്നു. "എന്റെ ബാല്യപ്രായത്തിൽ ഈയ്യാദുരൈ സോളമൻ എന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകൻ എന്റെ വീട്ടിൽ വന്ന് എന്റെ കൈയ്ക്ക് പിടിച്ച് എന്നെ സ്കൂളിലേക്ക് കൊണ്ടുപോയി. ഞാൻ ആ കൈ വിടാതെ അദ്ദേഹം തെളിച്ചുതന്ന വഴികളിലൂടെ നടന്നതുകൊണ്ടാണ് ഞാനിന്ന് ഈ സ്ഥാനത്തെത്തിച്ചേർന്നത്" എന്നാണ് ഡോ. എ.പി.ജെ. അബ്ദുൾ കലാം പറഞ്ഞത്. ഇങ്ങനെ എത്രയോ ധന്യാത്മാക്കൾ തങ്ങളുടെ ജീവിതത്തിൽ വഴിവെളിച്ചങ്ങളായി നിന്നവരെക്കുറിച്ച് ഹൃദയത്തിന്റെ ഭാഷയിൽ സാക്ഷ്യം പറഞ്ഞിരിക്കുന്നു! ഈയ്യാദുരൈ സോളമനെപ്പോലുള്ള മഹാമനസ്കതയും ദീർഘവീക്ഷണവും ആദർശശുദ്ധിയും ഉള്ള സമർപ്പിത ചേതസ്സുകളായ അദ്ധ്യാപകർക്കു മാത്രമേ അനേകർക്ക് വഴിവെളിച്ചങ്ങളായി തീരുവാൻ കഴിയുകയുള്ളൂ.

1905 ൽ ആരംഭിച്ച മാർത്തോമ്മാ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ദീർഘവർഷക്കാലം അനിഷേധ്യമായ നേതൃത്വം നൽകി ശോഭിച്ച പട്ടക്കാരനായിരുന്നു വന്ദ്യ ദിവ്യശ്രീ വി.പി. മാമ്മൻ കശ്ശീശാ. ആ കാലഘട്ടം അനേകം ഉപദേശ സംഹിതകൾ രംഗപ്രവേശം ചെയ്ത ഒരു കാലയളവായിരുന്നു. അക്കാലത്താണ് വേദപുസ്തകം അടിസ്ഥാനമാക്കി സുവിശേഷ സത്യങ്ങൾ കുട്ടികളിലേക്ക് പകരുന്നതിനും അവരെ വിശ്വാസ സ്ഥിരതയുള്ളവരായി വളർത്തിയെടുക്കുന്നതിനും ലോകരക്ഷകനായ ക്രിസ്തുവിങ്കലേക്ക് കുഞ്ഞുങ്ങളെ നയിക്കുന്നതിനും സഹായകരമായ പാഠപുസ്തകങ്ങൾ രൂപപ്പെടുത്തി സൺഡേസ്കൂൾ ശുശ്രൂഷയെ സഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നത്. ഈ കാലഘട്ടത്തിനു ശേഷമാണ് ആദരണീയനായ റവ. ഡോ. കെ.കെ. ജോർജ്ജ് അച്ചൻ സൺഡേസ്കൂൾ സമാജത്തിന്റെ സാരഥിയായി രംഗപ്രവേശം ചെയ്തത്. സൺഡേസ്കൂൾ സമാജത്തിന് അച്ചൻ നൽകിയ സുധീരവും ത്യാഗോജ്ജ്വലവുമായ നേതൃത്വം സഭയ്ക്കൊരിക്കലും വിസ്മരിക്കുവാൻ കഴിയുകയില്ല. അച്ചനിലൂടെ സഭയ്ക്ക് ലഭിച്ച ധന്യതകളെ അനുസ്മരിക്കുന്നതിനായി കേരളത്തിലെ പത്ത് സ്ഥലങ്ങളിൽ ഈ വർഷം സ്മാരക പ്രഭാഷണങ്ങൾ നടക്കുകയുണ്ടായി. ആ പ്രഭാഷണങ്ങളുടെ പരിസമാപ്തി കുറിച്ചുകൊണ്ടുള്ള സമാപന സമ്മേളനം അച്ചന്റെ മാതൃ ഇടവകകയായ ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 21-ാം തീയതി സമുചിതമായി നടക്കുകയുണ്ടായി. ഇപ്രകാരം ക്രമീകരണം ചെയ്ത മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഈ സംവത്സരം നമ്മുടെ മാനേജ്മെന്റിലെ സ്കൂളുകൾക്ക് എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി പരീക്ഷകളിൽ ശ്രദ്ധേയമായ വിജയം കൈവരിക്കുവാൻ കഴിഞ്ഞു എന്നത് അഭിമാനകരമത്രെ. എസ്.എസ്.എൽ.സി. പരീക്ഷയിൽ നമ്മുടെ 15 സ്കൂളുകളിൽ 8 സ്കൂളുകൾ 100% വിജയം കരസ്ഥമാക്കുകയുണ്ടായി. ഹയർ സെക്കന്ററി പരീക്ഷയിൽ 8 സ്കൂളുകളിൽ 4 സ്കൂളുകൾ 90% ന് മേൽ വിജയം കരസ്ഥമാക്കി. കുന്നം മാർത്തോമ്മാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ 100% വിജയം കൈവരിച്ചു. നമ്മുടെ സ്കൂളുകൾക്ക് ഉന്നതമായ വിജയം നേടുന്നതിന് കഠിനാദ്ധ്വാനം ചെയ്ത പ്രിൻസിപ്പൽമാരെയും പ്രഥമാദ്ധ്യാപകരെയും അദ്ധ്യാപകരെയും കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ സ്കൂളുകൾക്കെല്ലാം വേണ്ട പ്രോത്സാഹനം നൽകി മാനേജർ എന്ന നിലയിൽ നേതൃത്വം നൽകുന്ന ഡോ. സൂസമ്മ മാത്യൂവിനെ പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ നിക്കോൾസൻ സ്കൂളും 100% വിജയം കൈവരിച്ചു എന്നതിൽ വളരെയധികം സന്തോഷമുണ്ട്. നിക്കോൾസൺ സ്കൂളിന്റെ സംസ്കാരത്തിൽ വളർന്നുവന്ന കുട്ടികൾ അവർ എവിടെ ചെന്നാലും അവരുടെ വർത്തനാരീതികളിലൂടെ അവരുൾക്കൊണ്ട നല്ല സംസ്കാരത്തിന്റെ ഉൾക്കാഴ്ചകൾ പ്രകടമാക്കും എന്നത് എടുത്തുപറയണ്ട ഒരു സവിശേഷതയാണ്. ഈ ദർശനത്തോടുകൂടി ഇന്നും ഒരു അൺ എയിഡഡ് സ്കൂളായ നിക്കോൾസൺ സ്കൂളിൽ കുട്ടികളെ പഠിക്കുവാൻ അയയ്ക്കുന്ന മാതാപിതാക്കൾ ഉണ്ട് എന്നതും എടുത്തുപറയണ്ട വസ്തുതയാണ്.

നമ്മുടെ മാർത്തോമ്മാ സ്റ്റുഡൻസ് കോൺഫറൻസ് മെയ് 24, 25, 26, 27 തീയതികളിൽ പെരുമ്പാവൂരിലുള്ള നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. പങ്കെടുത്ത വിദ്യാർത്ഥികളുടെ ആത്മാർത്ഥവും സൃഷ്ടിപരവുമായ പങ്കാളിത്തം ഈ കോൺഫ്രൻസിന്

പകർന്ന ധന്യത ശ്രദ്ധേയമത്രെ. വിവിധ നിലകളിൽ നേതൃത്വം നൽകിയവരെയും പങ്കാളിത്തം നിർവ്വഹിച്ചവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച ജൂബിലി ആഘോഷങ്ങൾ സമുചിതമായ രീതിയിൽ വിവിധ കർമ്മപരിപാടികളോടുകൂടി നടന്നു. തങ്ങൾക്കു ലഭിച്ചതായ ദൈവകൃപ സ്തോത്രത്തോടുകൂടി ആ വിശ്വാസസമൂഹം അനുസ്മരിച്ചു. അവിടെ ഒരു ഇടവക രൂപീകരിക്കപ്പെടുന്നതിന് മുമ്പ് സന്ദർശനം നടത്തിയതിന്റെ ഒരു ഓർമ്മ ഇപ്പോഴും മായാതെ മനസ്സിൽ നിൽക്കുന്നു. അന്നവിടെ ആരാധനാ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നില്ല. പോലീസിനെയും പട്ടാളത്തെയും ഭയന്ന് രഹസ്യമായി പ്രാർത്ഥനകൾ നടത്തിയിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. എന്നാൽ ഇന്ന് ദൈവം അത്ഭുതകരമായി നമുക്ക് വാതിലുകൾ തുറന്നുതന്നിരിക്കുന്നു. ഇന്ന് ഇന്ത്യയിലെ വിവിധ സഭാ വിഭാഗങ്ങൾക്ക് അവിടെ ആരാധന നടത്തുവാൻ സ്വാതന്ത്ര്യം ലഭ്യമായിരിക്കുന്നു എന്നു മാത്രമല്ല നമ്മുടെ ആരാധനാ കേന്ദ്രത്തിന് പോലീസ് സംരക്ഷണവും അവിടുത്തെ ഗവണ്മെന്റ് ഏർപ്പെടുത്തിയിരിക്കുകയാണ്. മൂവായിരത്തിലധികം കാറുകൾക്ക് പാർക്ക് ചെയ്യത്തക്ക സ്ഥലസൗകര്യവും നമുക്കായി തുറന്നുതന്നിട്ടുണ്ട്. ഒരുകാലത്ത് പോലീസിനെ ഭയപ്പെട്ട് രഹസ്യമായി ആരാധന നടത്തിയ വിശ്വാസസമൂഹത്തിന് ഇന്ന് പോലീസ് സംരക്ഷണം പോലും ലഭിച്ചിരിക്കുന്നു എന്നോർക്കുമ്പോൾ അസാധ്യകാര്യങ്ങളെ സാധ്യമാക്കുന്ന ദൈവത്തിന് നമുക്ക് ഹൃദയനിറവോടെ സ്തോത്രമർപ്പിക്കാം. ഇന്ന് നമ്മുടെ ആ ഇടവകയിൽ 1500 യൂണിറ്റുകളും 2 പട്ടക്കാരും ഉണ്ട്. ജൂബിലി സമ്മേളനത്തിൽ നമ്മോടൊപ്പം ആ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്ന അഭി. ഡോ.യുയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പായും പങ്കെടുക്കുകയുണ്ടായി.

ജൂൺ മാസത്തിലെ ധ്യാനത്തിലേക്ക് നാം പ്രവേശിക്കുന്നത് പെന്തിക്കുസ്തി അനുസ്മരണയോടുകൂടിയാണ്. "പരിശുദ്ധാത്മാവേ വരിക, സൃഷ്ടിയെ പുതുക്കുക" എന്നതാണ് അന്നത്തെ ചിന്താവിഷയം. ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ശിഷ്യസമൂഹത്തോട് "നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം" എന്ന് അരുളിചെയ്തതിൻ പ്രകാരം കൂടിയിരുന്ന ശിഷ്യസമൂഹത്തോടൊപ്പം യേശുവിന്റെ അമ്മയായ മറിയയും ഉണ്ടായിരുന്നു. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിലെല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളോം എന്റെ സാക്ഷികളാകും" എന്ന വാഗ്ദത്തവും അവർക്ക് ലഭിച്ചിരുന്നു. പെന്തിക്കുസ്തി നാൾ വന്നപ്പോൾ കർത്താവിന്റെ കല്പനപ്രകാരം കൂടിയിരുന്ന ശിഷ്യസമൂഹത്തിന് കർത്താവിന്റെ വാഗ്ദാനപ്രകാരം പരിശുദ്ധാത്മാവിനെ ലഭിച്ചു. ബാബേലിൽ പണ്ട് ജനങ്ങൾ ഒരുമിച്ചു കൂടിയതും ദൈവത്തോടു ആലോചന ചോദിക്കാതെ ആകാശത്തോളം എത്തുന്ന ഗോപുരം പണിതതും ഭാഷയുടെ കലക്കത്തിലേക്കും സമ്പൂർണ്ണ തകർച്ചയിലേക്കും അവരെ നയിച്ചെങ്കിൽ പെന്തിക്കുസ്തി നാളിൽ സംഭവിച്ചത് നേർ വിപരീതമായ അനുഭവമായിരുന്നു. കർത്താവിന്റെ വാക്കനുസരിച്ച് കൂടിവന്നവർക്ക് ദൈവത്തിന്റെ വാഗ്ദത്തമായ പരിശുദ്ധാത്മാവിനെ ലഭിച്ചപ്പോൾ അവർ പല ഭാഷക്കാരും പല ദേശക്കാരും പല സംസ്കാരത്തിലുള്ളവരായിരുന്നെങ്കിൽപ്പോലും ഓരോത്തരും പറയുന്നത് അവർക്ക് പരസ്പരം തിരിച്ചറിയാൻ കഴിയുന്ന ഒരു അനുഭവത്തിലേക്ക് അവർ ആയിത്തീർന്നു എന്നത് എത്രയോ മഹത്തരമായ ഒരു കാര്യമത്രെ. പരിശുദ്ധാത്മാവിനെ ലഭിച്ചവർക്കു മാത്രമേ ഇപ്രകാരം ഏകസ്വരത്തിൽ യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയാൻ കഴിയൂ എന്നുള്ള സത്യം പെന്തിക്കുസ്തി നാളിലൂടെ ലോകത്തിന് വെളിപ്പെട്ടു. ജൂൺ 11-ാം തീയതി ഞായറാഴ്ച ത്രിത്വ ഞായറായി നാം ആചരിക്കുന്നു. പിതാവായ ദൈവത്തിലും പുത്രനായ ദൈവത്തിലും പരിശുദ്ധാത്മാവായ ദൈവത്തിലുമാണ് നാം വിശ്വസിക്കുന്നത്. "എന്നെ കണ്ടവൻ എന്റെ പിതാവിനെ കണ്ടിരിക്കുന്നു" എന്ന കർത്താവിന്റെ വചനത്തിൽ പിതാവായ ദൈവവും പുത്രനായ ദൈവവും പുത്രനിലൂടെ പിതാവായ ദൈവത്തെ കാണാനുള്ള തിരിച്ചറിവ് നൽകുന്ന പരിശുദ്ധാത്മാവായ ദൈവവും വെളിപ്പെടുന്നുണ്ട്. നീളം, വീതി, ഉയരം എന്നീ ത്രിമാനങ്ങളാൽ കാര്യങ്ങളെ മനസ്സിലാക്കുവാനാണ് മനുഷ്യബുദ്ധിക്ക് സാധ്യമാകുന്നത്. എന്നാൽ ത്രിത്വത്തിന്റെ രഹസ്യം വിശ്വാസത്തിലൂടെ ഉൾക്കൊള്ളേണ്ട യാഥാർത്ഥ്യമത്രെ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ഏക ദൈവമായ ത്രിത്വത്തിലത്രെ സഭയുടെ വിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്നത് എന്ന് നാം ഓർക്കേണ്ടതത്രെ. ജൂൺ 16 മുതൽ 29 വരെ ശ്ലീഹാ നോമ്പിന്റെ നാളുകളാണ്. ശ്ലീഹന്മാരുടെ വിളിയും നിയോഗവും എന്ന ചിന്തയോടുകൂടിയാണ് നോമ്പ് ആരംഭിക്കുന്നത്. ജൂൺ 18-ാം തീയതി ഞായറാഴ്ച ദൈവജനത്തിന്റെ വിശ്വാസത്തിന്റെ ആരാധനയെക്കുറിച്ചും 25-ാം തീയതി ഞായറാഴ്ച സാക്ഷ്യത്തിനായുള്ള ശിഷ്യത്വത്തെക്കുറിച്ചും നാം ധ്യാനിക്കുന്നു. നമ്മുടെ ആരാധന വിശ്വാസത്തിന്റെ പ്രഘോഷണം മാത്രമല്ല അത് സാക്ഷ്യത്തിന്റെ പുതുക്കം കൂടി ആയിത്തീരണം. ജൂൺ മാസം നമ്മുടെ സഭയിലെ വിവിധ സംഘടനകൾ അടുത്ത 3 വർഷക്കാലത്തേക്കുള്ള ഭാരവാഹികളെ കണ്ടെത്തുന്നതിനുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഏർപ്പെടുന്ന കാലമാണല്ലോ. സഭയുടെ സാക്ഷ്യത്തെ ഉയർത്തിപ്പിടിക്കുന്ന ഉത്തമരായ വ്യക്തികളെയായിരിക്കണം തെരഞ്ഞെടുക്കേണ്ടത്. കർത്താവ് തന്റെ ശ്ലീഹന്മാരെ തെരഞ്ഞെടുക്കുന്നതിനു മുമ്പായി തലേരാത്രി മുഴുവൻ പ്രാർത്ഥനയ്ക്കായി സമയം വിനിയോഗിച്ചതായി നാം സുവിശേഷങ്ങളിൽ വായിക്കുന്നു. പ്രാർത്ഥനയോടുകൂടി വേണം നാമും സഭയുടെ തെരഞ്ഞെടുപ്പുകളിൽ ഏർപ്പെടുവാൻ. മദ്യപാനികളും സാക്ഷ്യം നഷ്ടപ്പെട്ടവരും സഭയുടെ സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടാതിരിക്കാൻ സഭാജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

"നിങ്ങളോടു ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രായർ 13:7).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.



പുലാത്തീൻ,
28-05-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**